ഉത്തരം

(എ-സി) എസ്.എൻ.ഡി.പി.-യുടെ മൈക്രോ ഫിനാൻസ് പദ്ധതിയിൽ ക്രമക്കേട് നടന്നതായി ആരോപിച്ച ശ്രീ. വി. എസ്. അച്ചുതാനന്ദൻ സി.എം.പി. 1431/15 നമ്പരായി സമർപ്പിച്ച പരാതിയിൽ താഴെപ്പറയുന്നവർക്കെതിരെ ഒരു പ്രാഥമികാന്വേഷണം നടത്തുവാൻ ബഹുമാനപ്പെട്ട തിരുവനന്തപുരം വിജിലൻസ് കോടതി 20-1-2016-ൽ ഉത്തരവിട്ടു.

1. ശ്രീ. വെള്ളാപ്പള്ളി നടേശൻ, ജനറൽ സെക്രട്ടറി, എസ്.എൻ.ഡി.പി. യോഗം
2. ഡോ. എം. എൻ. സോമൻ, പ്രസിഡന്റ്, എസ്.എൻ.ഡി.പി. യോഗം
3. ശ്രീ. സി. കെ. മഹേശൻ, സ്റ്റേറ്റ് കോ-ഓർഡിനേറ്റർ, എസ്.എൻ.ഡി.പി. യോഗം, മൈക്രോ ഫിനാൻസ് സ്കീം.
4. ശ്രീ. എൻ. നജീബ്, എം.ഡി.(റിട്ട.), കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്.

കോടതി നിർദ്ദേശിച്ചത് പ്രകാരം കൃ.വി. 02/16/എസ്.ആർ.ടി. നമ്പരായി അന്വേഷണം നടക്കുന്നു. അന്വേഷണം പ്രാഥമിക ഘട്ടത്തിലാണ്.

അരിയിൽ ഷുക്കൂർ കൊലക്കേസ്

297 (275) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരിയിൽ ഷുക്കൂർ കൊലക്കേസ്സിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസ്സിലെ പ്രതികളെയെല്ലാം പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ടോ ; ഇനി ഏതെല്ലാം പ്രതികളെ പിടികൂടാനുണ്ട്; വിശദവിവരം നൽകുമോ?

(സി) പ്രസ്തുത കേസിന്റെ വാദം ദ്രുതഗതിയിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദവിവരം നൽകുമോ?

ഉത്തരം

(എ-സി) കേസ്സിന്റെ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം ബഹുമാനപ്പെട്ട കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. കേസ് കോടതിയിൽ വിചാരണയിലാണ്. പ്രതികളെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly